ഗിരിവർഗ്ഗക്കാർക്കു വേണ്ടിയുള്ള അനൗപചാരിക വിദ്യാഭ്യാസ പരിപാടി

* 301. [326] ശ്രീ. എം. വി. രാഘവൻ :
,, സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാന്തരങ്ങളിൽ അധിവസിക്കുന്ന ഗിരിവർഗ്ഗക്കാരെ സാക്ഷരരാക്കാനുള്ള അനൗപചാരിക വിദ്യാഭ്യാസ പരിപാടി ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനു വേണ്ടി ചെലവാക്കേണ്ടിവരുന്ന തുക എത്ര ?

ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, പാലക്കാട് കാസർകോട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ ഗിരിവർഗ്ഗപ്രദേശങ്ങളിൽ.

(സി) ആകെ 140 കേന്ദ്രങ്ങൾക്കായി മൊത്തം 3,08,000 രൂപ ചിലവ് പ്രതീക്ഷിക്കുന്നു.

പ്രാഥമിക സൗകര്യങ്ങളില്ലാത്ത സ്കൂളുകൾ

* 302. [327] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ :
,, വി. സി. കബീർ :
,, പി. വിജയദാസ് :
,, എ. വി. താമരാക്ഷൻ :
,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളം, മൂത്രപ്പുര, ഫർണിച്ചർ തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളില്ലാത്ത എത്ര സ്കൂളുകൾ സംസ്ഥാനത്തുണ്ട് ;

(ബി) അവയിൽ സഹകാര്യ മേഖലയിലും പൊതുമേഖലയിലും ഉള്ളവ എത്ര വീതം ;

(സി) 1985-86 വർഷം എത്ര സ്കൂളുകളിൽ പ്രാഥമിക സൗകര്യം ഏർപ്പെടുത്തി ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റ്റി. എം. ജേക്കബ്)

(എ) സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകൾക്കും മൂത്രപ്പുരകൾ ഉണ്ട്. എല്ലാ സ്ക്കൂളുകളിലും ഫർണിച്ചർ ഉണ്ട്. എന്നാൽ ആവശ്യത്തിന് ഫർണിച്ചർ ഇല്ലാത്ത ഗവൺമെന്റ് സ്ക്കൂളുകളിലെല്ലാം ഈ ഡിസംബർ മാസത്തോടെ ആവശ്യമുള്ള ഫർണിച്ചർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടിവെള്ളം ലഭ്യമല്ലാത്ത സ്ക്കൂളുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

കോടതി നടപടികൾ മലയാളത്തിലാക്കാൻ നടപടി

* 303. [328] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതികളിലെ നടപടികൾ മലയാളത്തിൽ ആക്കുന്നതിന് നടപടികളെടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ഉത്തരം

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി)

(എ) ഉണ്ട്.

(ബി) കോടതികളിലെ ഔദ്യോഗികഭാഷ മലയാളം ആക്കുന്നതിന്റെ എല്ലാ വശങ്ങളേയും കുറിച്ച് പഠനം നടത്തി വിശദമായ റിപ്പോർട്ടു സമർപ്പിക്കാൻ ജസ്റ്റിസ് ശ്രീ. കെ.കെ. നരേന്ദ്രൻ (ഹൈക്കോർട്ട് ജഡ്ജ്) അദ്ധ്യക്ഷനായും അഡ്വക്കേറ്റ് ജനറൽ നിയമ വകുപ്പു സെക്രട്ടറി, ശ്രീ. ബി. എം. തുളസിദാസ് (സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ ആൻഡ് അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ്, എറണാകുളം) പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ, ശ്രീ. പി. ശാന്തലിംഗം അഡ്വക്കേറ്റ് (ബാർ കൗൺസിൽ പ്രതിനിധി) ശ്രീ. ടി. എസ്. വെങ്കടേശ്വര അയ്യർ, അഡ്വക്കേറ്റ്, കേരള ഹൈക്കോടതി (ബാർ കൗൺസിൽ മെംബർ), സ്പെഷ്യൽ ആഫീസർ, ഉദ്യോഗസ്ഥ പരിഷ്ക്കാര വകുപ്പ് എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റിയിലെ 24-5-1985 സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 7/85/ഉ. ഭ. പ. വ. ഉത്തരവു പ്രകാരം രൂപീകരിക്കുകയും കമ്മറ്റി എറണാകുളം ആസ്ഥാനമാക്കിയതിന്റെ പ്രവർത്തനം നടത്തിവരികയുമാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഇത് സംബന്ധിച്ച അനന്തര നടപടികൾ ഊർജ്ജിതപ്പെടുത്താൻ കഴിയുന്നതുമാണ്.

എം. സി. റോഡ് നാഷണൽ ഹൈവേയാക്കൽ നടപടി

* 304. [329] ശ്രീ. പി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. സി. റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിക്കപ്പെടുന്നതിനുള്ള നടപടി എത്രത്തോളമായി ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിവേദനം നടത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly